ശ്രീമദ്
# വാല്മീകി രാമായണം

പരിഭാഷ, വ്യാഖ്യാനം:
**ഡോ. എം. ലീലാവതി**

ഭാരതീയ സംസ്കാരത്തിന്റെ ഉറവ വറ്റാത്ത സ്രോതസ്സാണ് വാല്മീകി രാമായണം. എത്രയോ കാലഘട്ടങ്ങളിലെ മനുഷ്യജീവിതത്തിന്റെ അനശ്വരത ഈ കാലാതീത ചരിത്രത്തിൽ അടക്കം ചെയ്തിരിക്കുന്നു. തപസ്വിയായ വാല്മീകി നാരദനോട് ആരാണ് ഈ ലോകത്തിൽ സർവ്വഗുണങ്ങളും ഒത്തിണങ്ങിയവനും വീരനും ധർമ്മജ്ഞനും കൃതജ്ഞനും സത്യവാക്കും ദൃഢവ്രതനുമായിട്ടുള്ളത് എന്ന് ചോദിക്കുന്ന സന്ദർഭങ്ങളിലാണ് രാമായണം ആരംഭിക്കുന്നത്. സദാചാരനിരതനും സർവ്വജീവികളിലും പക്ഷഭേദങ്ങളേതുമില്ലാതെ ഹിതകാരിയും ആയിരിക്കുന്നവനും എല്ലാം അറിയുന്നവനും ഭരണതന്ത്രജ്ഞനും പ്രിയദർശനനും സദ്ഗുണവാനും ക്രോധത്തെ ജയിച്ചവനും കാന്തിമാനും അസൂയയില്ലാത്തവനും യുദ്ധവീരനും ആരാണ് എന്ന് ആ ചോദ്യം തുടരുന്നു. അതിന് നാരദൻ നൽകുന്ന ഉത്തരമാണ് രാമൻ. ഓരോ വായനയിലും പുതിയ അർത്ഥതലങ്ങൾ കണ്ടെത്താൻ സഹായിക്കുന്ന, മറ്റു കൃതികൾ വായിച്ചാസ്വദിക്കാൻ ഉതകുന്ന കാവ്യപരമായ സംസ്കാരം തരുന്ന ഒരു മൗലിക വിശ്വസാഹിത്യകൃതി.

കവർ പെയിന്റിങ്: ആതിരാ സജിത്
കവർ ഡിസൈൻ: അനീഷ് ഉതിമൂട്

ഡിസി ബുക്സ്
www.dcbooks.com
ഇതിഹാസം

ISBN 978-81-264-4361-1
9 788126 443611 00001
E-book available

₹ 2500
(3 Vol. Set)

3

ശ്രീമദ്
വാല്മീകി
രാമായണം
പരിഭാഷ, വ്യാഖ്യാനം:
ഡോ. എം. ലീലാവതി

ഡിസി ബുക്സ്

ശ്രീമദ്
# വാല്മീകി രാമായണം



പരിഭാഷ, വ്യാഖ്യാനം:
**ഡോ. എം. ലീലാവതി**

വാല്മീകി

# ശ്രീമദ് വാല്മീകിരാമായണം

വാല്യം മൂന്ന്

പരിഭാഷ, വ്യാഖ്യാനം

ഡോ. എം. ലീലാവതി

ഡി സി ബുക്സ്

MALAYALAM LANGUAGE

ORIGINAL SANSKRIT TITLE
Sreemad Valmeeki Ramayana

EPIC
*by* Valmeeki

MALAYALAM TITLE

Sreemad Valmeeki Ramayanam
(Volume 3)

*Tranlated by* Dr. M. Leelavathi
© Dr. M. Leelavathi

Rights Reserved
First Published January 2014

*Cover Painting*
'Sitaswayamvaram' *by* Athira Sajith

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Online Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-mail: customercare@dcbooks.com
Customercare: 9846133336

DISTRIBUTORS
D C Books-Current Books

Export Sales D C Press (P) Ltd., Kottayam, Kerala

D C BOOKS LIBRARY CATALOGUING IN PUBLICATION DATA

Valmeeki.
Sreemad Valmeeki Ramayanam/Valmeeki.
Malayalam translation/M. Leelavathy.
3 V., 3432 p., 21 cm.
ISBN 978-81-264-4361-1.
Malayalam translation of Sanskrit title 'Sreemad Valmeeki Ramayanam.'
1. Religion. 2. Hinduism. 3. Sacred book. 4. Malayalam translation.
I. Title. II. Title - Sanskrit. III. Leelavathy, M.
294.592 2—dc 22.

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 978-81-264-4361-1

Printed in India
at D C Press (P) Ltd., Kottayam 686 012

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹ **2500.00** (3 Vol.Set)

664/13-14-Sl.No. 13288-dcb 5746-4000-55000-01-14-Spb. 18.1-p na-r mh/sd-d sc/jo

# ഉള്ളടക്കം

**യുദ്ധകാണ്ഡം** 2337–2908

47–ാം സർഗ്ഗം മുതൽ 128–ാം സർഗ്ഗം വരെ.

കഥാസൂചന: മൂർച്ഛിത രാമലക്ഷ്മണപ്രദർശനം, സീതാപ്രലാപം, രാമപ്രബോധനം, നാഗപാശവിമോചനം, ധൂമ്രാക്ഷനിർഗ്ഗമം, ധൂമ്രാക്ഷവധം, വജ്രദംഷ്ട്രവധം, അകമ്പനവധം, പ്രഹസ്തവധം, രാവണകിരീടഭംഗം, കുംഭകർണ്ണപ്രബോധനം, കുംഭകർണ്ണസ്വരൂപവർണ്ണനം, കുംഭകർണ്ണപരിചയഭാഗം, രാവണപരിദേവനം, കുംഭകർണ്ണനീതിവാക്യം, മഹോദരവാക്യം, കുംഭകർണ്ണയുദ്ധാരംഭം, കുംഭകർണ്ണവധം, രാവണപ്രലാപം, നരാന്തകവധം, ദേവാന്തകാദിവധം, അതികായവധം, ബ്രഹ്മാസ്ത്രബന്ധനം, ബ്രഹ്മാസ്ത്രമോചനം, നികുംഭാദിനിർഗ്ഗമം, കുംഭ, നികുംഭവധം, മകരാക്ഷവധം, മായായുദ്ധം, മായാസീതാവധം, ഹോമാരംഭം, രാമസമാശ്വാസനം, ഇന്ദ്രജിദ്വധോപായദർശനം, ലക്ഷ്മണനിർഗ്ഗമം, ഇന്ദ്രജിദ്യുദ്ധാരംഭം, ഇന്ദ്രജിദ്വിഭീഷണസംവാദം, ഇന്ദ്രജിദ്ലക്ഷ്മണയുദ്ധം, ഇന്ദ്രജിദ്രഥഭംഗം, ഇന്ദ്രജിദ്വധം, ലക്ഷ്മണശ്ലാഘനം, മൂലബലയുദ്ധം, രാക്ഷസീവിലാപം, വിരൂപാക്ഷവധം, മഹോദരവധം, മഹാപാർശ്വവധം, രാമരാവണയുദ്ധം, ലക്ഷ്മണമൂർച്ഛ, ലക്ഷ്മണസഞ്ജീവനം, ഇന്ദ്രരഥാരോഹണം, ആദിത്യഹൃദയമന്ത്രോപദേശം, നിമിത്തദർശനം, രാവണദ്ധ്വജപാതനം, രാവണവധം, വിഭീഷണവിലാപം, രാവണസംസ്കാരം, വിഭീഷണാഭിഷേകം, ഹനൂമത് സീതാസംവാദം, സീതാസമാനയനം, സീതാഗ്നിപ്രവേശം, രാമസ്തവം, സീതാസ്വീകാരം, ദശരഥദർശനം, ഇന്ദ്രാനുശാസനം, വിഭീഷണസത്കാരം, പുഷ്പകവിമാനരോഹണം, ഭരദ്വാജാശ്രമവാസം, ഹനൂമത്പ്രേഷണം, രാമഭരതാദിസമാഗമം, ശ്രീരാമപട്ടാഭിഷേകം.

**ഉത്തരകാണ്ഡം** 2909–3371

110 സർഗ്ഗങ്ങൾ.

കഥാസൂചന: ഋഷീന്ദ്രാഗമനം, പൗലസ്ത്യോൽപത്തി കഥനം, വൈശ്രവണോൽപത്തി, മാല്യവാദ്യുൽപത്തി, മാലിവധം, രാവണോൽപത്തി, വരപ്രാപ്തി, ലങ്കാക്രമണം, ഇന്ദ്രജിദുൽപത്തി, രാവണയക്ഷയുദ്ധം, പുഷ്പകാപഹരണം, ചന്ദ്രഹാസഗ്രഹണം, വേദവതീധർഷണം, അനരണ്യശാപം, രാവണയമദ്വന്ദ്വയുദ്ധം, യമവിജയം, വരുണവിജയം,

15. മംഗളാഭിമുഖീ തസ്യ സാ തദാസീന്മഹാകപേഃ
ഉപതസ്ഥേ വിശാലാക്ഷീ പ്രയതാ ഹവ്യവാഹനം. V 53

16. ഹിതം മഹാർത്ഥം മൃദുഹേതുസംഹിതം
വ്യതീതകാലായതിസംപ്രതിക്ഷമം
നിശമ്യ തദ്വാക്യമുപസ്ഥിതജ്വരഃ
പ്രസംഗവാനുത്തരമേതദബ്രവീത്. VI 10

17. ധർമ്മാത്മാ രക്ഷസാം ശ്രേഷ്ഠഃ സംപ്രാപ്തോഽയം വിഭീഷണഃ
ലങ്കൈശ്വര്യം ധ്രുവം ശ്രീമാനയം പ്രാപ്നോത്യകണ്ടകം. VI 41

18. യോ വജ്രപാതാശനിസന്നിപാതാ-
ന്ന ചുക്ഷുഭേ നാപി ചചാല രാജാ
സ രാമബാണാഭിഹതോ ഭൃശാർത്തഃ
ചചാല ചാപഞ്ച മുമോച വീരഃ. VI 59

19. യസ്യ വിക്രമമാസാദ്യ രാക്ഷസാ നിധനം ഗതാഃ
തം മന്യേ രാഘവം വീരം നാരായണമനാമയം. VI 72

20. ന തേ ദദൃശിരേ രാമം ദഹന്തമരിവാഹിനീം
മോഹിതാഃ പരമാസ്ത്രേണ ഗാന്ധർവ്വേണ മഹാത്മനാ. VI 94

21. പ്രണമ്യ ദേവതാഭ്യശ്ച ബ്രാഹ്മണേഭ്യശ്ച മൈഥിലീ
ബദ്ധാഞ്ജലിപുടാ ചേദമുവാചാഗ്നി സമീപതഃ. VI 119

22. ചാലനാത് പർവ്വതസ്യൈവ ഗണാ ദേവസ്യ കംപിതാഃ
ചചാല പാർവ്വതീ ചാപി തദാശ്ലിഷ്ടാ മഹേശ്വരം. VII 16

23. ദാരാഃ പുത്രാഃ പുരം രാഷ്ട്രം ഭോഗാച്ഛാദനഭോജനം
സർവ്വമേവാവിഭക്തന്നൗ ഭവിഷ്യതി ഹരീശ്വര. VII 34

24. യാമേവ രാത്രിം ശത്രുഘ്നഃ പർണശാലാമുപാവിശത്
താമവേ രാത്രിം സീതാപി പ്രസൂതാ ദാരകദ്വയം. VII 66

25. ഇദം രാമായണം കൃത്സ്നം ഗായത്രീബീജസംയുതം
ത്രിസന്ധ്യം യഃ) പഠേന്നിത്യം സർവ്വപാപൈഃ പ്രമുച്യതേ.

ഇതി ഗായത്രീരാമായണം സമ്പൂർണം.



## 5. കഥാപാത്രസൂചിക

അംഗദൻ 1 : ബാലിയുടെയും താരയുടെയും മകൻ.
അംഗദൻ 2 : ലക്ഷ്മണന്റെ മകൻ.
അംഗാരക : (സിംഹിക നോക്കുക)
അംഗിരസ്സ് : ഒരു പ്രജാപതി.
അംബരീഷൻ : ഇക്ഷ്വാകുവംശത്തിലെ വിഷ്ണുഭക്തനായ ഒരു രാജാവ്.
അകമ്പനൻ : സുമാലിയുടെ മകൻ.
അക്ഷകുമാരൻ : രാവണന്റെ ഇളയമകൻ, ഹനുമാൻ വധിച്ചു.
അഗസ്ത്യൻ : ശ്രീരാമന് അമ്പൊടുങ്ങാത്ത ആവനാഴിയും മറ്റു പല ദിവ്യാസ്ത്രങ്ങളും നല്കി രാവണവധത്തിനു സഹായിച്ച മഹർഷി.
അഗ്നികേതു : ലങ്കയിലെ ഒരു രാക്ഷസൻ.
അഗ്നിവർണ്ണൻ : ഇക്ഷ്വാകുവംശജനായ ഒരു രാജാവ്.
അജാമുഖി : അശോകവനിയിൽ സീതയെ കാത്തുകൊണ്ടിരുന്ന രാക്ഷസിമാരിൽ ഒരാൾ.
അജൻ : സൂര്യവംശത്തിലെ ഒരു രാജാവ്. ദശരഥന്റെ പിതാവ്.
അഞ്ജന : പുഞ്ജികസ്ഥല എന്ന അപ്സരസ്സ് ശാപംമൂലം അഞ്ജന എന്ന വാനരസ്ത്രീയായി ജനിച്ചു. കുഞ്ജരൻ എന്ന വാനരപ്രമുഖന്റെ മകളായി ജനിച്ച അഞ്ജനയെ കേസരി എന്ന വാനരൻ വിവാഹം കഴിച്ചു. ഹനുമാന്റെ മാതാപിതാക്കളാണ് അഞ്ജനയും കേസരിയും.
അതികായൻ : രാവണന് ധന്യമാലിനിയിലുണ്ടായ മകൻ.
അത്രി : പ്രസിദ്ധനായ ഒരു മഹർഷി.
അദിതി : ദക്ഷന്റെ മകൾ, കശ്യപന്റെ ഭാര്യ.
അനരണ്യൻ : അയോദ്ധ്യ ഭരിച്ചിരുന്ന ഒരു രാജാവ്.
അനല 1 : വിഭീഷണന്റെ മകൾ.
അനല 2 : മാല്യവാന്റെ മകൾ.
അനല 3 : കശ്യപന്റെ ഭാര്യ (ദക്ഷന്റെ മകൾ).
അനലൻ(അനിലൻ): മാലിയുടെ മകൻ.
അനസൂയ : അത്രിമഹർഷിയുടെ ഭാര്യ.
അരജ : ശുക്രാചാര്യന്റെ മകൾ.
അരിഷ്ടനേമി : ഒരു മുനി.
അരുണൻ : വിനതയുടെ മകൻ, ജടായുവിന്റെ പിതാവ്.
അലംബുസ : ഒരു അപ്സരസ്സ്.

അവിന്ധ്യൻ : രാമൻ നിമിത്തം രാക്ഷസർക്കു നാശമുണ്ടാകുമെന്നു രാവണനെ ഉപദേശിച്ച ഒരു വൃദ്ധരാക്ഷസൻ.

അശനിപ്രഭൻ : ദ്വന്ദ്വയുദ്ധത്തിൽ ദ്വിവിദൻ കൊന്ന രാക്ഷസൻ.

അശോകൻ : ദശരഥന്റെ മന്ത്രിമാരിൽ ഒരാൾ.

അശ്വപതി : കൈകേയിയുടെ പിതാവായ കേകയ രാജാവ്.

അസംഗൻ : സീതാന്വേഷണത്തിനു വാനരന്മാരുമായി തെക്കേ ദിക്കിലേക്കു പോയ വാനരന്മാരിൽ ഒരാൾ.

അസമഞ്ജൻ : സഗരന് കേശിനിയിലുണ്ടായ മകൻ.

അസിതാഹ്വയൻ : ഇക്ഷ്വാകുവംശത്തിലെ ഒരു രാജാവ്.

അസുർത്തരജസൻ : കുശന്റെ മകൻ.

അഹല്യ : ഗൗതമമുനിയുടെ ഭാര്യ.

അർത്ഥസാധകൻ : ദശരഥന്റെ മന്ത്രിമാരിൽ ഒരാൾ.

ഇക്ഷ്വാകു : മനുവിന്റെ മകൻ, അയോദ്ധ്യയിലെ ഒന്നാമത്തെ രാജാവ്. ഇക്ഷ്വാകുവംശസ്ഥാപകൻ.

ഇന്ദ്രജിത്ത് : രാവണന്റെ മകൻ.

ഇന്ദ്രജിഹ്വൻ : ലങ്കയിലെ ഒരു രാക്ഷസൻ.

ഇല്വലൻ : ദണ്ഡകാരണ്യത്തിൽ വസിച്ചിരുന്ന ഒരു രാക്ഷസൻ.

ഇളൻ : കർദ്ദമ പ്രജാപതിയുടെ മകൻ.

ഉദാവസു : ജനകവംശത്തിൽ ജനിച്ച ഒരു രാജാവ്.

ഉന്മത്തൻ : മാല്യവാന്റെ മകൻ.

ഉമ : ഹിമവാന്റെ മകൾ, പാർവതി.

ഉല്ക്കാമുഖൻ : സീതാന്വേഷണത്തിനായി തെക്കേ ദിക്കിലേക്കു പോയ വാനരന്മാരിൽ ഒരാൾ.

ഉശനസ്സ് (ശുക്രാചാര്യൻ) : ദണ്ഡൻ എന്ന ഇക്ഷ്വാകുരാജാവിന്റെ പുരോഹിതൻ.

ഉർവശി : നാരായണമുനി സൃഷ്ടിച്ച് ഇന്ദ്രനു നല്കിയ ത്രൈലോക്യ സുന്ദരി.

ഊർമ്മിള1 : ജനകമഹാരാജാവിന്റെ മകൾ, ലക്ഷ്മണന്റെ ഭാര്യ.

ഊർമ്മിള 2 : ഒരു ഗന്ധർവ സ്ത്രീ.

ഋക്ഷരജസ്സ് : ഒരു വാനരരാജാവ്.

ഋചീകൻ : ജമദഗ്നിയുടെ പിതാവായ ഒരു മുനി.

ഋശ്യശൃംഗൻ : വിഭാണ്ഡകൻ എന്ന മഹർഷിയുടെ പുത്രൻ ലോമപാദന്റെ മകൾ ശാന്തയെ വിവാഹം കഴിച്ചു.

ഋഷഭൻ : സുഗ്രീവസൈന്യത്തിലെ ഒരു വാനരൻ.

ഋഷഭാഹ്വയൻ : സീതാന്വേഷണത്തിനായി തെക്കോട്ടുപോയ വാനരന്മാരിൽ ഒരാൾ.

ഏകജട : രാവണന്റെ ആജ്ഞയനുസരിച്ചു സീതയെ ശകാരിക്കുന്ന രാക്ഷസിമാരിൽ ഒരുത്തി.



കകുത്സ്ഥൻ : ഭഗീരഥന്റെ മകൻ.

കണ്ഡു : ഒരു മഹർഷി.

കണ്വൻ : രാവണവധം കഴിഞ്ഞ് അയോദ്ധ്യയിലെത്തിയ രാമനെ കാണാൻ കിഴക്കുനിന്നു വന്ന ഒരു മുനി.

കദ്രു : കശ്യപന് ക്രോധവശയിലുണ്ടായ പുത്രി. നാഗങ്ങളുടെ മാതാവ്.

കവഷി : രാവണവധമറിഞ്ഞു ശ്രീരാമനെ കാണാൻ അയോദ്ധ്യയിലെത്തിയ ഒരു മഹർഷി.

കപിലൻ : ഉഗ്രനായ ഒരു മഹർഷി. സഗരന്മാരുടെ പുത്രന്മാരെ ഭസ്മമാക്കി.

കബന്ധൻ : ദനുമഹർഷിയുടെ ശാപംമൂലം കബന്ധനായിത്തീർന്ന ദനു എന്ന ഗന്ധർവൻ ശ്രീരാമലക്ഷ്മണന്മാർ കബന്ധന്റെ കൈകളറുത്ത് അവനു മോക്ഷം കൊടുത്തു.

കമ്പനൻ : അംഗദൻ യുദ്ധത്തിൽ കൊന്ന ഒരു രാക്ഷസൻ.

കരവീരാക്ഷൻ : ഖരന്റെ സേനാനായകന്മാരിൽ ഒരാൾ.

കരാളൻ : ലങ്കയിലെ ഒരു രാക്ഷസൻ.

കശ്യപൻ : ഒരു മഹർഷി. ദക്ഷന്റെ പുത്രിമാരിൽ എട്ടുപേരെ വിവാഹം കഴിച്ചു.

കർദ്ദമൻ : പ്രജാപതികളിൽ ഒരാൾ.

കാർത്യായനൻ : അയോദ്ധ്യയിലെ ഒരു രാജപുരോഹിതൻ.

കാലകൻ : ദക്ഷപുത്രിയായ കാളികയിൽ കശ്യപനുണ്ടായ പുത്രൻ.

കാലകാർമ്മുകൻ : സുമാലിയുടെ പുത്രനും ഖരന്റെ സൈന്യത്തിലെ പ്രധാന രാക്ഷസനും.

കാലകേയന്മാർ : രസാതലത്തിലെ രശ്മപത്തനത്തിൽ വസിച്ചിരുന്നവർ.

കാലനേമി : ഒരു അസുരൻ.

കാശ്യപൻ 1 : മാതൃശുശ്രൂഷ ചെയ്തു സ്വർഗ്ഗം പൂകിയ ഒരു പുണ്യവാൻ.

കാശ്യപൻ 2 : അയോദ്ധ്യയിലെ ഒരു ഉദ്യോഗസ്ഥൻ.

കാളിക : ദക്ഷന്റെ മകൾ, കശ്യപന്റെ ഭാര്യ.

കാളിയൻ : ഭദ്രൻ സീതാപവാദകഥ ശ്രീരാമനെ ഉണർത്തിച്ചപ്പോൾ, അവിടെയുണ്ടായിരുന്ന കാളിയൻ അതു ശരിവച്ചു.

കാർത്തവീര്യാർജ്ജുനൻ: ഹേഹയരാജ്യത്തെ രാജാവ്. രാവണനെ തോല്പിച്ചു ബന്ധനസ്ഥനാക്കി കുറച്ചുനാൾ തടവിൽ പാർപ്പിച്ചു.

കീർത്തിരഥൻ : ജനകവംശത്തിലെ ഒരു രാജാവ്.

കീർത്തിരാമൻ : ജനകവംശത്തിലുള്ള ഒരു രാജാവ്.

കുംഭകർണ്ണൻ : രാവണന്റെ സഹോദരൻ.

കുംഭൻ : കുംഭകർണ്ണന്റെ മകൻ.

കുംഭഹനു : പ്രഹസ്തന്റെ മന്ത്രിമാരിൽ ഒരാളായ രാക്ഷസൻ.

കുംഭീനസി 1 : സുമാലിയുടെ മകൾ.

കുംഭീനസി 2 : വിശ്വവസുവിന്റെ മകൾ.

കുടൻ : അയോദ്ധ്യയിലെ ഒരു പൗരൻ

കുഞ്ജരൻ : ഒരു വാനരനായകൻ. കുഞ്ജരന്റെ മകൾ അഞ്ജനയാണ് ഹനുമാന്റെ അമ്മ.

കുണ്ഡു : കണ്വന്റെ മകൻ.

കുബേരൻ : വൈശ്രവണൻ. രാവണന്റെ ജ്യേഷ്ഠൻ.

കുമുദൻ : വാനരസേനയിലെ ഒരു നായകൻ.

കുശൻ 1 : ശ്രീരാമന്റെ മകൻ.

കുശൻ 2 : ബ്രഹ്മാവിന്റെ മകൻ, കൗശികവംശ സ്ഥാപകൻ.

കുശധ്വജൻ 1 : ജനകന്റെ അനുജൻ. ഇദ്ദേഹത്തിന്റെ പുത്രിമാരാണ് മാണ്ഡവി, ശ്രുതകീർത്തി എന്നിവർ. മാണ്ഡവിയെ ഭരതനും ശ്രുത കീർത്തിയെ ശത്രുഘ്നനും വിവാഹം കഴിച്ചു.

കുശധ്വജൻ 2 : വ്യാഴത്തിന്റെ മകൻ.

കുശനാഭൻ : കൗശികവംശം സ്ഥാപിച്ച കുശന്റെ മകൻ.

കുശാംബൻ : കുശന്റെ മകൻ.

കുശാശ്വൻ : വിശാലപുരി ഭരിച്ചിരുന്ന ഒരു രാജാവ്.

കേതുമതി : സുമാലിയുടെ ഭാര്യ. ഇവരുടെ മക്കളാണ് പ്രഹസ്തൻ, കൈകസി, കുംഭീനസി തുടങ്ങിയവർ.

കേശിനി : സഗരന്റെ ഭാര്യ.

കേസരി : ഒരു വാനരശ്രേഷ്ഠൻ.

കൈകസി : സുമാലിയുടെ മകൾ. കൈകസിയുടെ മക്കളാണ് രാവണൻ, കുംഭകർണ്ണൻ, വിഭീഷണൻ എന്നിവർ.

കൈകേയി : കേകയ രാജാവായ അശ്വപതിയുടെ മകൾ, ദശരഥന്റെ ഭാര്യ, ഭരതന്റെ അമ്മ.

കൗശികൻ : വിശ്വാമിത്രൻ.

കൗസല്യ : ദശരഥന്റെ പത്നി, ശ്രീരാമന്റെ അമ്മ.

കൗഷീയൻ : രാവണവധം കഴിഞ്ഞ് ശ്രീരാമനെ കാണാൻ അയോദ്ധ്യയിലെത്തിയ ഒരു മഹർഷി.

ക്ഷുപൻ : ഒരു രാജാവ്.

ക്രതു : പ്രജാപതികളിൽ ഒരാൾ.

ക്രഥൻ : സുഗ്രീവസൈന്യത്തിലെ ഒരു പ്രമുഖ വാനരൻ.

ക്രോധവശ : ദക്ഷന്റെ പുത്രിമാരിൽ ഒരാൾ.

ക്രൗഞ്ചി : ദക്ഷപുത്രിയായ താമ്രയുടെ മകൾ.

ഖരൻ : ജനസ്ഥാനത്തു വസിച്ചിരുന്ന ഒരു രാക്ഷസൻ ശ്രീരാമൻ ഖരനെയും അയാളുടെ വൻരാക്ഷസപ്പടയെയും വധിച്ചു.

ഗംഗ : ഹിമവാന് മേനയിലുണ്ടായ മകൾ.

ഗജൻ : സുഗ്രീവന്റെ സൈന്യത്തിലെ ഒരു പ്രമുഖ വാനരൻ.

ഗന്ധമാദനൻ : സീതാന്വേഷണത്തിനു തെക്കോട്ടു തിരിച്ച വാനരസംഘത്തിലെ ഒരു വാനരൻ.

ഗയൻ 1 : സുഗ്രീവസൈന്യത്തിലെ ഒരു വാനരൻ.



ഗയൻ 2 : ദിഗ്വിജയത്തിനിറങ്ങിയ രാവണനോടു തോൽവി സമ്മതിച്ച ഒരു രാജാവ്.

ഗരുഡൻ : വിനതയുടെ മകൻ.

ഗവയൻ : ഒരു വാനരന്റെ പേര്.

ഗവാക്ഷൻ : സീതാന്വേഷണത്തിനു തെക്കോട്ടുപോയ വാനരന്മാരിൽ ഒരാൾ.

ഗാധി : വിശ്വാമിത്രന്റെ പിതാവ്.

ഗാലവൻ : രാവണവധാനന്തരം, രാമന്റെ അശ്വമേധശാലയിൽ സീതാശപഥം കാണാനെത്തിയ ഒരു മഹർഷി.

ഗാർഗ്ഗ്യൻ : കേകയ രാജാവിന്റെ പുരോഹിതൻ.

ഗുഹൻ : ശ്രീരാമനെയും മറ്റും ഗംഗ കടക്കുന്നതിനു സഹായിച്ച നിഷാദ രാജാവ്.

ഗോലഭൻ : ബാലി വധിച്ച ദുഷ്ടനായ ഒരു ഗന്ധർവൻ.

ഗൗതമൻ : അഹല്യയുടെ ഭർത്താവായ മഹർഷി.

ഗ്രാമണി : ഋഷഭാചലം കാത്തുരക്ഷിച്ചുപോന്ന ഒരു ഗന്ധർവൻ.

ഘടോദരൻ : രാവണൻ സ്വർഗ്ഗം കീഴടക്കാൻ പോയപ്പോൾ രാവണനോടൊപ്പം ഉണ്ടായിരുന്ന ഒരു രാക്ഷസൻ.

ഘനൻ : ലങ്കയിലെ ഒരു രാക്ഷസൻ.

ഘൃതാചി : ഒരപ്സരസ്സ്.

ഘോരൻ : ലങ്കയിലെ ഒരു രാക്ഷസൻ.

ചണ്ഡൻ : വാനരസൈന്യത്തിലെ ഒരംഗം.

ചണ്ഡോദരി : അശോകവനിയിൽ സീതയെ നോക്കുന്നതിനു രാവണൻ നിയോഗിച്ച ഒരു രാക്ഷസി.

ചന്ദ്രകേതു : ലക്ഷ്മണന് ഊർമ്മിളയിലുണ്ടായ പുത്രൻ.

ചിത്രരഥൻ : ശ്രീരാമന്റെ തേരാളി.

ചൂളി : ഒരു മഹർഷി.

ച്യവനൻ : ലവണാസുരവൃത്താന്തം ശ്രീരാമനെ അറിയിച്ച ഒരു മുനി.

ജടായു : അരുണന്റെ മകൻ, സമ്പാതിയുടെ അനുജൻ.

ജംബുമാലി : പ്രഹസ്തന്റെ മകൻ.

ജനകൻ : പ്രസിദ്ധനായ ഒരു വിദേഹരാജാവ്, സീതയുടെ വളർത്തച്ഛൻ.

ജമദഗ്നി : രാവണവധാനന്തരം അയോദ്ധ്യയിൽ എത്തി ശ്രീരാമനെ ആശീർവദിച്ച മുനിമാരിൽ ഒരാൾ.

ജയൻ : വിരാധൻ എന്ന രാക്ഷസന്റെ പിതാവ്.

ജയന്തൻ 1 : ദേവേന്ദ്രന്റെ മകൻ.

ജയന്തൻ 2 : ദശരഥന്റെ മന്ത്രിമാരിൽ ഒരാൾ.

ജഹ്നു : ഒരു മഹർഷി. ഭഗീരഥപ്രയത്നത്താൽ ഭൂമിയിലവതരിച്ച ഗംഗ ജഹ്നുമഹർഷിയുടെ ആശ്രമത്തിന് ഹാനിയുണ്ടാകത്തക്കവണ്ണം മുന്നോട്ടു പാഞ്ഞു. ക്രുദ്ധനായ മഹർഷി

ഗംഗയെ മുഴുവനും കുടിച്ചുകളഞ്ഞു. ഒടുവിൽ ഭഗീരഥന്റെയും ദേവാദികളുടെയും പ്രാർത്ഥനയനുസരിച്ച് ഗംഗയെ തന്റെ ചെവിയിലൂടെ പുറത്തുവിട്ടു. അന്നു മുതൽ ഗംഗ ജാഹ്നവി എന്നറിയപ്പെട്ടു.

ജാംബവാൻ : ബ്രഹ്മപുത്രനായ ജാംബവാൻ സീതാന്വേഷണം, രാമരാവണയുദ്ധം എന്നിവയിൽ അതിപ്രധാനമായ പങ്കു വഹിച്ചു.

ജാബാലി : അയോദ്ധ്യയിലെ നാസ്തികവാദിയായ ഒരു പുരോഹിതൻ.

ജാമദഗ്ന്യൻ : ജമദഗ്നിമഹർഷിയുടെ മകനായ പരശുരാമൻ. ജനകമഹാരാജാവ് മിഥിലയിൽ സൂക്ഷിച്ചിരുന്ന ശൈവചാപം ശ്രീരാമൻ ഖണ്ഡിച്ചു സീതയെ പരിഗ്രഹിച്ചതിൽ ക്രുദ്ധനായ പരശുരാമൻ, ഒടുവിൽ ശ്രീരാമന്റെ സ്വത്വം തിരിച്ചറിഞ്ഞ്, രാമനു കീഴടങ്ങി.

ഝർഝൻ : താടകയുടെ ഭർത്താവായ സുന്ദരന്റെ പിതാവ്.

തക്ഷൻ : ഭരതന്റെ മകൻ.

താടക : സുകേതു എന്ന യക്ഷന്റെ മകൾ. താടകയുടെ പുത്രനാണു മാരീചൻ.

താമ്ര : ദക്ഷന്റെ പെൺമക്കളിൽ ഒരുവൾ.

താര : സുഷേണൻ എന്ന വാനരന്റെ മകളും ബാലിയുടെ ഭാര്യയും.

താരൻ : സുഗ്രീവന്റെ മന്ത്രിമാരിലൊരാൾ. ബൃഹസ്പതിയുടെ മകൻ.

താരകാസുരൻ : ഒരസുരൻ.

തിമിധ്വജൻ : ദേവന്മാരെ ആക്രമിച്ച തിമിധ്വജനെയും മറ്റും ദശരഥൻ അമർച്ച ചെയ്തു.

തുംബുരു : കുബേരശാപംമൂലം വിരാധനായി ജനിച്ച ഒരു ഗന്ധർവൻ.

തൃണബിന്ദു : ഒരു രാജർഷി.

ത്രിജട : അശോകവനിയിൽ സീതയെ കാത്തുകൊണ്ടിരുന്ന, വിഭീഷണപുത്രി.

ത്രിജടൻ : ശ്രീരാമന്റെ അടുക്കൽ ദാരിദ്ര്യദുഃഖപരിഹാരം തേടിവന്നയാൾ. ധാരാളം പശുക്കളെ നല്കി ശ്രീരാമൻ അയാളുടെ ദാരിദ്ര്യം പരിഹരിച്ചു.

ത്രിശങ്കു : ഇക്ഷ്വാകുവംശത്തിലെ ഒരു രാജാവ്. ഈ രാജാവിനുവേണ്ടി വിശ്വാമിത്രൻ ഭൂമിക്കും സ്വർഗ്ഗത്തിനുമിടയിൽ മറ്റൊരു സ്വർഗ്ഗം സൃഷ്ടിച്ചുകൊടുത്തു.

ത്രിശിരസ്സ് 1 : ഖരന്റെ സേനാനായകൻ.

ത്രിശിരസ്സ് 2 : രാവണന്റെ മകൻ.

ദംഭൻ : സുഗ്രീവസൈന്യത്തിലെ ഒരു വാനരൻ.

ദംഭു : ഒരസുരൻ.

ദംഷ്ടൻ : ഒരു രാക്ഷസൻ.

ദക്ഷൻ : പ്രജാപതികളിൽ ഒരാൾ.



ദണ്ഡൻ : സുമാലിയുടെ പുത്രനായ രാക്ഷസൻ, തന്റെ പുരോഹിതനായ ഉശനസ്സിന്റെ മകളെ ബലാത്കാരം ചെയ്ത ദണ്ഡന്റെ സാമ്രാജ്യം ഉശനസ്സ് ശാപത്താൽ അഗ്നിക്കിരയാക്കി. ഈ സ്ഥലം പിന്നീടു ദണ്ഡകാരണ്യമെന്നപേരിൽ അറിയപ്പെട്ടു.

ദധി വക്ത്രൻ : സുഗ്രീവന്റെ മാതുലനും മധുവനം കാവൽക്കാരനുമായ ഒരു വാനരൻ.

ദനു 1 : ഒരു ഗന്ധർവൻ ശാപംമൂലം കബന്ധനായിത്തീർന്നു.

ദനു 2 : വിഷ്ണു തോല്പിച്ച ഒരസുരൻ.

ദനു 3 : ദക്ഷന്റെ മകൾ.

ദന്തവക്ത്രൻ : സീതാപവാദ കഥ ഭദ്രൻ എന്ന ചാരൻ ശ്രീരാമനെ അറിയിക്കുമ്പോൾ ദന്തവക്ത്രനും കൂടെയുണ്ടായിരുന്നു.

ദരീമുഖൻ : സുഗ്രീവസൈന്യത്തിലെ ഒരു വാനരൻ.

ദശരഥൻ : സൂര്യവംശത്തിലെ ഒരു രാജാവ്, ശ്രീരാമന്റെ പിതാവ്. കോസല രാജ്യാധിപതി.

ദിതി : ദക്ഷന്റെ മകൾ.

ദിലീപൻ : സൂര്യവംശത്തിലെ ഒരു രാജാവ്.

ദുന്ദുഭി : മയന്റെ മകനായ ഒരസുരൻ.

ദുഷ്ഷന്തൻ : രാവണന്റെ ജൈത്രയാത്രയ്ക്കിടയിൽ പരാജയം സമ്മതിച്ചു കീഴടങ്ങിയ ഒരു രാജാവ്.

ദുർജ്ജയൻ : ഖരന്റെ സൈന്യത്തിലുള്ള ഒരു രാക്ഷസൻ.

ദുർദ്ധരൻ : രാവണന്റെ സേനാനായകരിൽ ഒരാൾ.

ദുർമ്മുഖൻ : രാവണൻ ഇന്ദ്രനെ ജയിക്കാൻ സൈന്യസമേതം തിരിച്ച കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരു രാക്ഷസൻ.

ദുർമ്മുഖി : അശോകവനത്തിൽ സീതയെ സൂക്ഷിക്കാൻ നിയോഗിച്ചവരിലുള്ള ഒരു രാക്ഷസി.

ദുർവാസാവ് : അത്രിമഹർഷിയുടെ പുത്രൻ. ലക്ഷ്മണപരിത്യാഗത്തിനു ശ്രീരാമൻ നിർബദ്ധനായത് ഈ മഹർഷി നിമിത്തമാണ്.

ദൂഷണൻ : ഖരന്റെ സേനാനായകൻ.

ദേവമീഢൻ : ജനകന്റെ വംശത്തിലുള്ള ഒരു രാജാവ്.

ദേവരാതൻ : ജനകവംശത്തിലെ ഒരു രാജാവ്.

ദേവയാനി : ശുക്രന്റെ മകൾ, യയാതിയുടെ ഭാര്യ. ദേവയാനിയുടെ മകനാണ് യദു.

ദേവവതി : ഗ്രാമണി എന്ന ഗന്ധർവന്റെ മകളും സുകേശന്റെ പത്നിയും.

ദേവവർണ്ണിനി : ഭരദ്വാജ മഹർഷിയുടെ പുത്രി, വിശ്രവസ്സിന്റെ ഭാര്യയും വൈശ്രവണന്റെ അമ്മയുമായ സ്ത്രീ.

ദേവാന്തകൻ : രാവണന്റെ മകൻ.

ദ്വിവിദൻ : ഒരു വാനരനായകൻ.

ധന്യമാലിനി : രാവണന്റെ ഭാര്യമാരിലൊരാൾ.

ധുന്ധുമാരൻ : ഇക്ഷ്വാകുവംശത്തിൽ ജനിച്ച ഒരു രാജാവ്.

ധൂമൻ : വിഷ്ണു പരാജയപ്പെടുത്തിയ ഒരസുരൻ.

ധൂമകേതു : രാവണകിങ്കരനായ ഒരു രാക്ഷസൻ.

ധൂമ്രൻ : ഒരു വാനര നായകൻ.

ധൂമ്രാക്ഷൻ : സുമാലിയുടെ പുത്രൻ.

ധൂമ്രാശ്വൻ : വിശാലപുരി ഭരിച്ചിരുന്ന ഒരു രാജാവ്.

ധൃതരാഷ്ട്രി : താമ്രയുടെ മകൾ.

ധൃഷ്ടകേതു : മിഥില ഭരിച്ചിരുന്ന ഒരു രാജാവ്.

ധൃഷ്ടി : ദശരഥന്റെ മന്ത്രിമാരിൽ ഒരാൾ.

ധൗമ്യൻ : രാവണവധാനന്തരം ശ്രീരാമനെ കാണാൻ അയോദ്ധ്യയിലെത്തിയ ഒരു മഹർഷി.

ധ്വജഗ്രീവൻ : ലങ്കയിലെ ഒരു രാക്ഷസൻ.

ധ്രുവസന്ധി : ഇക്ഷ്വാകുവംശത്തിലെ ഒരു രാജാവ്.

നഗാഭൻ : ഒരു വാനരരാജാവ്.

നത : ശുകിയുടെ മകൾ, നതയുടെ മകളാണ് വിനത.

നന്ദിവർദ്ധനൻ : ജനകവംശത്തിലെ ഒരു രാജാവ്.

നമുചി : രാമനെ കാണാൻ അയോദ്ധ്യയിൽ വന്ന ഒരു മുനി.

നരകൻ : ഒരസുരൻ.

നരാന്തകൻ : രാവണന്റെ മകൻ.

നഹുഷൻ : ഇക്ഷ്വാകുവംശത്തിലെ ഒരു രാജാവ്.

നളൻ : വിശ്വകർമ്മാവിന്റെ മകനും സുഗ്രീവന്റെ മന്ത്രിയുമായ ഒരു വാനരൻ.

നളകൂബരൻ : കുബേരന്റെ മകൻ. നളകൂബരനെ പ്രാപിക്കാൻ തിരിച്ച രംഭയെ രാവണൻ ബലാത്കാരേണ പ്രാപിച്ചതറിഞ്ഞു മേലിൽ ഏതെങ്കിലും സ്ത്രീയെ ബലാൽക്കാരേണ പ്രാപിക്കാൻ ശ്രമിച്ചാൽ രാവണന്റെ തല ഏഴായി പൊട്ടിത്തെറിക്കുമെന്ന് നളകൂബരൻ ശപിച്ചു.

നർമ്മദ : ഒരു ഗന്ധർവസ്ത്രീ. ഇവരുടെ മൂന്നു മക്കളെ മാലി, സുമാലി, മാല്യവാൻ എന്നീ രാക്ഷസന്മാർ വിവാഹം കഴിച്ചു.

നാഗദത്ത : ഒരപ്സരസ്സ്.

നികുംഭൻ : കുംഭകർണ്ണന്റെ മകനായ ഈ രാക്ഷസനെ ഹനുമാൻ വധിച്ചു.

നിമി : ഇക്ഷ്വാകുവിന്റെ മക്കളിൽ ഒരാൾ.

നിവാത കവചന്മാർ : മണിമതീപുരത്തിൽ വസിച്ചിരുന്ന അസുരന്മാർ ഇവരെ തോല്പിക്കാൻ കഴിയാതെ രാവണൻ ഇവരുമായി സന്ധി ചെയ്തു.



നിശംഭു : ദേവന്മാരെ ആക്രമിച്ച നിശംഭുവിനെ വിഷ്ണു പരാജയപ്പെടുത്തി.

നിശാകരൻ : ജടായുവിന്റെയും സമ്പാതിയുടെയും അഭ്യുദയകാംക്ഷിയായിരുന്ന ഈ മുനി വിന്ധ്യാതടത്തിൽ തപസ്സനുഷ്ഠിച്ചിരുന്നു.

നീലൻ : അഗ്നിയുടെ മകനും സുഗ്രീവന്റെ മന്ത്രിയുമായ ഈ വാനരനാണ് ലങ്കയിലേക്കു തിരിച്ച വാനരപ്പടയെ നയിച്ചത്.

നൃകണ്ഡു : രാവണവധാനന്തരം അയോദ്ധ്യയിലെത്തിയ രാമനെ കാണാൻ വന്ന ഒരു മുനി.

നൃഗൻ : ഒരു രാജാവ് തനിക്കു ദാനം നല്കിയ ഒരു പശുവിനെത്തന്നെ മറ്റൊരാൾക്കും നൃഗൻ ദാനം ചെയ്തതിൽ ക്രുദ്ധനായ ഒരു ബ്രാഹ്മണൻ "നൃഗൻ ഓന്തായിപ്പോകട്ടെ" എന്നു ശപിച്ചു. വളരെക്കാലം കഴിഞ്ഞു ശ്രീകൃഷ്ണന്റെ കരസ്പർശത്താൽ നൃഗനു മോക്ഷം കിട്ടി.

പഞ്ചജനൻ : ശംഖിന്റെ അകത്ത് ഒളിച്ചിരുന്ന അസുരനെ ശ്രീകൃഷ്ണൻ വധിച്ചു ശംഖു കൈയ്ക്കലാക്കി. അതാണ് ശ്രീകൃഷ്ണന്റെ കൈയിലുള്ള പാഞ്ചജന്യം എന്ന ശംഖ്.

പനസൻ : ഒരു വാനരൻ.

പരശുരാമൻ : വിഷ്ണുവിന്റെ അവതാരവും ജമദഗ്നിമഹർഷിയുടെ മകനുമാണ് പരശുരാമൻ. (ജാമദഗ്ന്യൻ നോക്കുക)

പരുഷൻ : ഖരന്റെ സൈന്യത്തിലെ പ്രമുഖനായ ഒരു രാക്ഷസൻ.

പർവതൻ : മാന്ധാതാവിനോടു യുദ്ധം ചെയ്യാൻ രാവണനെ പ്രേരിപ്പിച്ച ഒരു ഋഷി.

പാർശ്വമൗലി : കുബേരന്റെ കിങ്കരനായ മാണിഭദ്രന്റെ മറ്റൊരു പേര്.

പിംഗളൻ : ശ്രീരാമന്റെ കൊട്ടാരത്തിലെ ഒരു സേവകൻ.

പിശാചൻ : ലങ്കയിലെ ഒരു രാക്ഷസൻ.

പുഞ്ജികസ്ഥല : ഒരപ്സരസ്സ്. ശാപംമൂലം പുഞ്ജികസ്ഥല അഞ്ജന എന്ന വാനരസ്ത്രീയായി ജനിച്ചു. ഹനുമാന്റെ അമ്മയാണ് ഈ അഞ്ജന.

പുണ്ഡരീക : ഭരതനെ സത്കരിക്കുന്നതിന് ഭരദ്വാജമഹർഷി ചില അപ്സരസ്സുകളെ വരുത്തിയവരിൽ ഒരുവൾ.

പുരൂരവസ്സ് : ചന്ദ്രവംശത്തിലെ പ്രശസ്തനായ രാജാവ്. മിത്രന്റെ ശാപംമൂലം ഉർവശി കുറച്ചുകാലം പുരൂരവസ്സിന്റെ പത്നിയായിക്കഴിഞ്ഞു.

പുലസ്ത്യൻ : ബ്രഹ്മാവിന്റെ മകനും പ്രജാപതികളിൽ ഒരാളും മഹാതപസ്വിയുമായ ഋഷി.

പുലഹൻ : ഒരു പ്രജാപതി.

പുലോമാവ് : ദൈത്യന്മാരിൽ പ്രശസ്തനായ പുലോമാവിന്റെ മകളാണ് ദേവേന്ദ്രന്റെ പത്നിയായ പുലോമജ.

പുഷ്കലൻ : ഭരതന്റെ മകൻ.

പുഷ്പോത്കട : സുമാലിയുടെ മകൾ.

പൂരു : യയാതിക്കു ശർമ്മിഷ്ഠയിലുണ്ടായ മകൻ. അച്ഛന്റെ ജരാനരകൾ വാങ്ങി പകരം തന്റെ യൗവനം അദ്ദേഹത്തിനു നല്കിയ ആളാണ് പൂരു.

പൃഥു : ഇക്ഷ്വാകുവംശത്തിലെ ഒരു രാജാവ്.

പ്ലക്ഷൻ : സുഗ്രീവന്റെ മന്ത്രിയായ ഒരു വാനരൻ.

പ്രഘസ : അശോകവനിയിൽ സീതയെ കാത്തുകൊണ്ടിരുന്ന ഒരു രാക്ഷസി.

പ്രഘസൻ 1 : രാവണന്റെ ഒരു സൈനികൻ.

പ്രഘസൻ 2 : വിഭീഷണന്റെ മന്ത്രി.

പ്രജംഘൻ 1 : ഒരു രാക്ഷസൻ.

പ്രജംഘൻ 2 : ഒരു പ്രധാന വാനരൻ.

പ്രതർദ്ദനൻ : കാശിയിലെ രാജാവ്.

പ്രതിന്ധകൻ : ജനകവംശജനായ ഒരു രാജാവ്.

പ്രഭാവൻ : സുഗ്രീവന്റെ മന്ത്രിയായ ഒരു വാനരൻ.

പ്രമാഥി 1 : വാനരസൈന്യത്തിലെ നരൻ ഒരു നായകൻ.

പ്രമാഥി 2 : ഖരന്റെ സേനാനായകന്മാരിൽ ഒരാൾ.

പ്രമുചി : രാവണവധത്തിനുശേഷം രാമനെ കാണാനെത്തിയ ഒരു മുനി.

പ്രമോദനൻ : ഒരു മഹർഷി.

പ്രവൃദ്ധൻ : ഇക്ഷ്വാകുവംശത്തിലെ ഒരു രാജാവ്.

പ്രസേനജിത്ത് : ഇക്ഷ്വാകുവംശത്തിലെ ഒരു രാജാവ്.

പ്രഹസ്തൻ : സുമാലിയുടെ മകനും രാവണന്റെ സേനാനിയുമായ ഒരു രാക്ഷസൻ.

പ്രഹേതി : രാക്ഷസവംശത്തിന്റെ കുലകൂടസ്ഥനായ ഒരു രാക്ഷസൻ.

ബഭ്രു : ഋഷഭാചലം കാത്തുസൂക്ഷിച്ചിരുന്ന ഒരു ഗന്ധർവൻ.

ബാലോപേതൻ : രാമരാവണയുദ്ധത്തിൽ കൊല്ലപ്പെട്ട ഒരു രാക്ഷസൻ.

ബാണൻ : ഇക്ഷ്വാകുവംശത്തിലെ ഒരു രാജാവ്.

ബാലി : ഇന്ദ്രന്റെ മകനും കിഷ്കിന്ധയുടെ അധിപനുമായിരുന്ന ഒരു വാനരരാജാവ്.

ബുധൻ : ചന്ദ്രന്റെ മകൻ.

ബൃഹദ്രഥൻ : ജനകവംശജനായ ഒരു രാജാവ്.

ബ്രഹ്മദത്തൻ : ജനകവംശത്തിലെ ഒരു രാജാവ്.

ബ്രഹ്മദത്തൻ 1 : കാംപില്യാപുരിയിലെ രാജാവ്.

ബ്രഹ്മദത്തൻ 2 : ഗൗതമശാപത്താൽ കഴുകനായിത്തീർന്ന ഒരു രാജാവ്.

ബ്രഹ്മശത്രു : ലങ്കയിലെ ഒരു രാക്ഷസൻ.

ബ്രഹ്മാവ് : ത്രിമൂർത്തികളിലെ സ്രഷ്ടാവ്.

ഭഗീരഥൻ : ദിലീപന്റെ മകനായ സൂര്യവംശ രാജാവ്. പിതൃക്കളുടെ



മുക്തിക്കുവേണ്ടി സ്വർഗ്ഗംഗയെ തപസ്സുചെയ്തു ഭൂമിയിലെത്തിച്ചു.

ഭദ്രൻ : സീതയെക്കുറിച്ചു നാട്ടിൽ പരന്ന അപവാദം ശ്രീരാമനെ അറിയിച്ച രാജസേവകൻ. (വിജയൻ, മധുമത്തൻ, കാശ്യപൻ, പിംഗളൻ, കടൻസുരാജൻ, കാളിയൻ, ദന്തവക്ത്രൻ, സുമാഗധൻ എന്നിവരും ഭദ്രൻ പറഞ്ഞ കാര്യം ശരിയാണെന്നറിയിച്ചു.)

ഭദ്രമത : കശ്യപമഹർഷിക്കു ക്രോധവശയിലുണ്ടായ മകൾ, ഭദ്രമതയിൽ ഇരാവതിയും ഇരാവതിയിൽനിന്ന് ഐരാവതവും ജനിച്ചു.

ഭയ : രാക്ഷസനും കുലകൂടസ്ഥനായ പ്രഹേതിയുടെ ഭാര്യ.

ഭരതൻ 1 : ദശരഥന് കൈകേയിൽ ജനിച്ച മകൻ.

ഭരതൻ 2 : ഇക്ഷ്വാകുവംശത്തിലെ ഒരു രാജാവ്.

ഭരദ്വാജൻ : വനവാസകാലത്തു ശ്രീരാമനും മറ്റും പല സഹായവും ചെയ്തു കൊടുത്ത മഹർഷി.

ഭാസകർണ്ണൻ : സുമാലിയുടെ മകനായ ഒരു രാക്ഷസൻ.

ഭാസി : കശ്യപന്റെ ദൗഹിത്രി.

ഭീമൻ : ഒരു രാക്ഷസൻ.

ഭീമാക്ഷൻ : ഒരു വാനരൻ.

ഭൃഗു : ബ്രഹ്മപുത്രനായ ഒരു പ്രജാപതി.

മകരാക്ഷൻ : ഖരന്റെ മകൻ.

മണ്ഡോദരി : മയന്റെ മകളും രാവണന്റെ ഭാര്യയും.

മത്തൻ : മാല്യവാന്റെ പുത്രനായ ഒരു രാക്ഷസൻ.

മധു : കുംഭീനസിയെ അപഹരിച്ചുകൊണ്ടുപോയ രാക്ഷസൻ, മധുവിന്റെ മകനാണ് ലവണാസുരൻ.

മധുമത്തൻ : ശ്രീരാമന്റെ ഒരു സേവകൻ.

മനു 1 : ഇക്ഷ്വാകുവിന്റെ മകൻ.

മനു 2 : ദക്ഷന്റെ മകൾ.

മന്ത്രപാലൻ : ദശരഥന്റെ ഒരു മന്ത്രി.

മന്ഥര : കൈകേയിയുടെ ദാസിമാരിൽ ഒരാൾ.

മയൻ : അസുരശില്പി, മയനാണ് ലങ്ക നിർമ്മിച്ചത് മയന്റെ മകളായ മണ്ഡോദരിയാണ് രാവണന്റെ ഭാര്യ.

മരീചൻ : കശ്യപൻ.

മരീചി : സ്പതർഷികളിൽ ഒരാൾ.

മരു1 : ഒരു ഇക്ഷ്വാകു രാജാവ് ജനകരാജാക്കന്മാരിൽ ഒരാൾ.

മരു 2 : ജനകരാജാക്കന്മാരിൽ ഒരാൾ.

മരുത്തൻ : ഒരു രാജാവ് രാവണനുമായി യുദ്ധത്തിനൊരുങ്ങിയെങ്കിലും പിന്നീടു കീഴടങ്ങി.

മഹാകപാലൻ : ഖരന്റെ സേനാനായകനായ ഒരു രാക്ഷസൻ.

മഹാകായൻ : രാവണൻ ഇന്ദ്രനെ ആക്രമിക്കാൻ പോയപ്പോൾ കൂടെയുണ്ടായിരുന്ന ഒരു രാക്ഷസൻ.

മഹാദംഷ്ട്രൻ : ഈ രാക്ഷസനും രാവണനോടൊപ്പം ഇന്ദ്രനെ ആക്രമിക്കാൻ പോയിരുന്നു.

മഹാനാദൻ : പ്രഹസ്തന്റെ മന്ത്രിമാരിൽ ഒരാൾ

മഹാപാർശ്വൻ : ഇന്ദ്രനെ കീഴടക്കാൻ പോയ രാവണനോടൊപ്പം ഉണ്ടായിരുന്ന രാക്ഷസൻ.

മഹാമാലി : ഖരന്റെ സൈന്യത്തിൽ ഒരു പ്രമുഖൻ.

മഹാരോമാവ് : ജനകവംശത്തിലെ ഒരു രാജാവ്.

മഹാവീരൻ : ജനകവംശത്തിലെ ഒരു രാജാവ്.

മഹാഹ്രാദൻ : രാവണൻ സ്വർഗ്ഗമാക്രമിച്ചപ്പോൾ രാവണസൈന്യത്തിലുണ്ടായിരുന്ന ഒരു രാക്ഷസൻ.

മഹീധ്രകൻ : ജനകവംശജനായ ഒരു രാജാവ്.

മാഹോദരൻ : ലങ്കയുടെ തെക്കേ ഗോപുരം കാത്തുസൂക്ഷിച്ചിരുന്ന ഒരു രാക്ഷസൻ.

മാതംഗി : ക്രോധവംശയുടെയും കശ്യപന്റെയും പുത്രി.

മാണിഭദ്രൻ : കുബേരന്റെ കിങ്കരനായ ഒരു യക്ഷൻ. ഇയാളുടെ മറ്റൊരു പേരാണ് പാർശ്വമൗലി.

മാണ്ഡകർണ്ണി : ദണ്ഡകാരാണ്യത്തിൽ താമസിച്ചിരുന്ന ഒരു താപസൻ.

മാണ്ഡവി : കുശധ്വജന്റെ മകൾ, ഭരതന്റെ പത്നി.

മാന്ധാതാവ് : ഇക്ഷ്വാകുവംശത്തിലെ ഒരു രാജാവ്. രാവണനുമായി ഏറ്റുമുട്ടി. ദേവർഷിമാർ ഇരുവരെയും സമാധാനിപ്പിച്ചു രാജിയാക്കി.

മായാവി : മയന്റെ മകൻ. ബാലി മായാവിയെ കൊന്നു.

മാരീചൻ 1 : മരീചിയുടെ പുത്രനായ കശ്യപൻ.

മാരീചൻ 2 : താടകയുടെ മകൻ പൊന്മാനായിച്ചെന്ന് രാമനെ അകറ്റി രാവണനെ സീതാപഹരണത്തിനു സഹായിച്ചു. രാമബാണമേറ്റു മാരീചൻ മരിച്ചു.

മാലി : സുകേശന്റെ പുത്രൻ. മാലിയെ വിഷ്ണു വധിച്ചു.

മാല്യവാൻ : സുകേശന്റെ മകൻ. രാവണന്റെ ദുഷ്കർമ്മങ്ങളെ അതിരൂക്ഷമായി വിമർശിക്കുകയും ശ്രീരാമനുമായി സന്ധി ചെയ്യാൻ ഉപദേശിക്കുകയും ചെയ്തയാളാണ് മാല്യവാൻ.

മാർക്കണ്ഡേയൻ : സീതയുടെ ശപഥം കാണാൻ രാമസന്നിധിയിലെത്തിയ ഒരു മുനി.

മിത്രസഹൻ : പൂരുവിന്റെ വംശജനായ ഒരു രാജാവ്.

മിഥി : മിഥിലാപുരിയുടെ നിർമ്മാതാവായ ഒരു രാജാവ്, നിമിയുടെ പുത്രൻ.

മിശ്രകേശി : ഭരതനെ സ്വീകരിക്കാൻ ഭരദ്വാജമഹർഷി തപശ്ശക്തികൊണ്ടുവരുത്തിയ ഒരപ്സരസ്സ്.



മുചുകുന്ദൻ : ഒരു ദാനവൻ.

മൃഗമന്ദ : കശ്യപ മഹർഷിക്കു ക്രോധവശയിലുണ്ടായ മകൾ.

മൃഗി : ക്രോധവശയുടെ മകൾ.

മേഘമാലി : ഖരന്റെ സൈന്യത്തിലെ ഒരു പ്രധാന രാക്ഷസൻ.

മേധാതിഥി : സുതൻ ഒരു മുനി.

മേനക : പ്രസിദ്ധയായ ഒരപ്സരസ്സ്.

മേരുസാവർണ്ണി : അസ്തമേരുവിലുള്ള ഒരു മഹർഷി.

മൈനാകം : ദേവേന്ദ്രൻ പർവ്വതങ്ങളുടെ ചിറകരിഞ്ഞപ്പോൾ ഭയന്നു സമുദ്രത്തിലൊളിച്ച ഒരു പർവതം.

മൈന്ദൻ : ഒരു വാനരൻ.

മോദകരൻ : ഒരു മഹർഷി.

മൌദ്ഗല്യൻ : അയോദ്ധ്യയിലെ ഒരു രാജപുരോഹിതൻ.

യജ്ഞകോപൻ : മാല്യവാന്റെ പുത്രൻ.

യജ്ഞഘ്നൻ : ലങ്കയിലെ ഒരു രാക്ഷസൻ.

യജ്ഞശത്രു : ഖരന്റെ സൈന്യത്തിലെ ഒരു പ്രമുഖൻ.

യദു : യയാതിക്കു ദേവയാനിയിലുണ്ടായ മകൻ. യദുവംശ സ്ഥാപകൻ.

യമൻ : മൃത്യുവിന്റെ ദേവത, കാലൻ.

യയാതി : നഹുഷന്റെ മകനായ രാജാവ്. ശർമ്മിഷ്ഠയുടെയും ദേവയാനിയുടെയും ഭർത്താവ്.

യവക്രീതൻ : രാവണവധം കഴിഞ്ഞ് അയോദ്ധ്യയിലെത്തിയ ശ്രീരാമനെ കാണാൻ എത്തിയ ഒരു മഹർഷി.

യുധാജിത്ത് : കേകയ രാജാവായ അശ്വപതിയുടെ പുത്രനും ഭരതന്റെ അമ്മ കൈകേയിയുടെ സഹോദരനുമായ രാജാവ്.

യുവാനാശ്വൻ : ഒരു ഇക്ഷ്വാകുരാജാവ്.

യൂപാക്ഷൻ 1 : രാവണന്റെ മന്ത്രിമാരിലൊരാൾ.

യൂപാക്ഷൻ 2 : രാവണന്റെ ഒരു മന്ത്രി.

രംഭ : പ്രസിദ്ധയായ ഒരപ്സരസ്സ്.

രംഭൻ : ഒരു വാനരൻ.

രഭസൻ : ലങ്കയിലെ ഒരു രാക്ഷസൻ.

രശ്മികേതു : ലങ്കയിലെ ഒരു രാക്ഷസൻ, ശ്രീരാമൻ വധിച്ചു.

രാക്യ : കൈകസിയുടെ സഹോദരിയും സുമാലിയുടെ പുത്രിയുമായ രാക്ഷസി.

രാവണൻ : വിശ്രവസ്സിന് കൈകസിയിലുണ്ടായ പുത്രൻ.

രുദ്രൻ : അദിതിയുടെ മകനായ ഒരു ദേവൻ.

രുധിരാശനൻ : ഖരന്റെ സേനയിലെ ഒരു പ്രമുഖ രാക്ഷസൻ.

രുമ : സുഗ്രീവന്റെ ഭാര്യ.

രുമണ്വാൻ : ഒരു വാനരൻ.

രേണുക : ജമദഗ്നിയുടെ ഭാര്യ. പരശുരാമന്റെ അമ്മ.

രോമശൻ : ലങ്കയിലെ ഒരു രാക്ഷസൻ.

രോഹിണി : ചന്ദ്രന്റെ ഭാര്യമാരിൽ ഒരാൾ, ദക്ഷന്റെ മകൾ.

ലങ്കാദേവി : ലങ്ക സൂക്ഷിച്ചിരുന്ന രാക്ഷസി. ഹനുമാന്റെ താഡനമേറ്റു ശാപമോക്ഷം കിട്ടി.

ലക്ഷ്മണൻ : ദശരഥന് സുമിത്രയിലുണ്ടായ മകൻ.

ലവൻ : ശ്രീരാമന്റെ മകൻ.

ലവണൻ : മധു എന്ന രാക്ഷസന് കുംഭിനസിയിലുണ്ടായ മകൻ.

ലോമപാദൻ : അംഗരാജ്യത്തിലെ ഒരു രാജാവ്. തന്റെ മകൾ ശാന്തയെ ഋശ്യശൃംഗനു നല്കി.

ലോല : മധു എന്ന രാക്ഷസന്റെ അമ്മ.

വക്രൻ : ഒരു രാക്ഷസൻ.

വജ്രകായൻ : ലങ്കയിലെ ഒരു രാക്ഷസൻ.

വജ്രജ്വാല : കുംഭകർണ്ണന്റെ ഭാര്യ.

വജ്രദംഷ്ട്രൻ : ലങ്കയിലെ ഒരു രാക്ഷസൻ.

വജ്രമുഷ്ടി : ഈ രാക്ഷസനെ അംഗദൻ വധിച്ചു.

വജ്രഹനു : ലങ്കയിലെ ഒരു രാക്ഷസൻ.

വരുണൻ : സമുദ്രദേവത.

വലീമുഖൻ : ഒരു വാനരൻ.

വസിഷ്ഠൻ : സൂര്യവംശത്തിന്റെ കുലഗുരുവും പുരോഹിത മുഖ്യനും.

വസു 1 : കുശന്റെ മകൻ.

വസു 2 : നൃഗന്റെ മകനായ രാജാവ്.

വസുദ : നർമ്മദയുടെ മകൾ, മാലി എന്ന രാക്ഷസന്റെ പത്നി.

വാതാപി : ഒരു രാക്ഷസൻ.

വാമദേവൻ : അയോദ്ധ്യയിലെ രാജപുരോഹിതരിൽ ഒരാൾ.

വാമന : ഒരപ്സരസ്സ്.

വാമനൻ : ശ്രീരാമന്റെ അശ്വമേധം കാണാനെത്തിയ ഒരു മുനി.

വാല്മീകി : ആദികവിയും രാമായണകർത്താവുമായ മഹർഷിശ്രേഷ്ഠൻ.

വികട : അശോകവനിയിൽ സീതയെ സൂക്ഷിച്ചിരുന്ന ഒരു രാക്ഷസി.

വികടൻ : സുമാലിയുടെ മകൻ.

വികുക്ഷി : ഇക്ഷ്വാകുവംശത്തിലെ ഒരു രാജാവ്.

വിക്രീതൻ : പ്രജാപതികളിലൊരാൾ.

വിഘ്നൻ : ഒരു രാക്ഷസൻ.

വിജയൻ 1 : സീതാന്വേഷണ സംഘത്തിലെ ഒരു വാനരൻ.

വിജയൻ 2 : ഒരു ദശരഥമന്ത്രി.

വിജയൻ 3 : ശ്രീരാമന്റെ ഒരു സേവകൻ.

വിദ്യുത്കേശൻ : രാക്ഷസവംശസ്ഥാപകനായ പ്രഹേതിയുടെ മകൻ.

വിദ്യുജ്ജിഹ്വൻ : ശൂർപ്പണഖയുടെ ഭർത്താവായ രാക്ഷസൻ.



വിദ്യുദ്രൂപൻ : ലങ്കയിലെ ഒരു രാക്ഷസൻ.

വിദ്യുന്മാലി 1 : ഒരു വാനരനായകൻ.

വിദ്യുന്മാലി 2 : ഒരു രാക്ഷസൻ.

വിനത1 : കശ്യപന്റെ ഒരു ഭാര്യ. നതയുടെ മകളും ഗരുഡന്റെയും അരുണന്റെയും അമ്മയും.

വിനതൻ : ഒരു വാനരൻ.

നിബുദ്ധൻ : ജനകവംശത്തിലെ ഒരു രാജാവ്.

വിഭീഷണൻ : രാവണന്റെ സഹോദരൻ.

വിമുഖൻ : ഒരു മുനി.

വിരാധൻ : ദണ്ഡകാരണ്യത്തിൽവച്ച് ശ്രീരാമൻ വധിച്ച ഒരു രാക്ഷസൻ.

വിരൂപാക്ഷൻ : മാല്യവാന്റെ മകൻ.

വിവസ്വാൻ : മനുവിന്റെ പിതാവ്.

വിശ്വാചി : ഒരപ്സരസ്സ്

വിശ്വാമിത്രൻ : കുശന്റെ പൗത്രനും തപസ്സുകൊണ്ടു ബ്രഹ്മർഷിയുമായിത്തീർന്ന മഹർഷീശ്വരൻ യാഗരക്ഷയ്ക്കു ശ്രീരാമനെയും ലക്ഷ്മണനെയും കൂട്ടിക്കൊണ്ടുപോകുകയും പല ദിവ്യാസ്ത്രങ്ങളും ശ്രീരാമന് ഉപദേശിച്ചു കൊടുക്കുകയും ചെയ്തു.

വിശ്വാവസു : ഒരു ഗന്ധർവൻ.

വിശ്രവസ്സ് : ബ്രഹ്മപുത്രനായ പുലസ്ത്യന്റെ മകനും രാവണന്റെയും കുബേരന്റെയും പിതാവുമായ തപസ്വി.

വിഷ്ണു : ത്രിമൂർത്തികളിൽ ഒരാൾ.

വിഹംഗമൻ : ഖരന്റെ രാക്ഷസസേനയിലെ പ്രമുഖരിൽ ഒരാൾ.

വീരബാഹു : ഒരു വാനരൻ.

വീരസഹൻ : പൂരുവംശത്തിലെ ഒരു രാജാവ്.

വൃത്രൻ : ഒരസുരൻ.

വേഗദർശി : വാനരസൈന്യത്തിലെ ഒരു സേനാനായകൻ.

വേദവതി : കുശധ്വജന്റെ മകൾ. രാവണൻ തൊട്ട് അശുദ്ധയാക്കിയതിനാൽ അഗ്നിയിൽ ദേഹത്യാഗം നടത്തി. വേദവതിയാണ് സീതയായി ജനിച്ചത്.

വൈദർഭി : ബ്രഹ്മപുത്രനായ കുശന്റെ പത്നി.

വൈരോചനൻ : ഒരസുരൻ. വൈരോചനന്റെ ദൗഹിത്രി വജ്രജ്വാലയാണ് കുംഭകർണ്ണന്റെ ഭാര്യ.

വൈശ്രവണൻ : വിശ്രവസ്സിന്റെ മകനായ കുബേരൻ.

ശംഖണൻ : ഇക്ഷ്വാകുവംശത്തിലെ ഒരു രാജാവ്.

ശംബരൻ : ഒരസുരൻ.

ശംബൂകൻ : തപസ്സു ചെയ്തിരുന്ന ഒരു ശൂദ്രൻ. ഇയാളുടെ തപസ്സുമൂലമാണ് തന്റെ മകന്റെ അകാലമരണമെന്ന് ഒരു ബ്രാഹ്മണൻ ശ്രീരാമനെ ധരിപ്പിച്ചു ശൂദ്രനെ ശ്രീരാമൻ വധിച്ചു.

ശംഹൻ : സുഗ്രീവസൈന്യത്തെ ശേഖരിക്കാൻ നിയോഗിക്കപ്പെട്ട ഒരു വാനരൻ.

ശക്രൻ : ദേവേന്ദ്രൻ.

ശചീദേവി : ദേവേന്ദ്രന്റെ ഭാര്യ.

ശഠൻ : ഒരു രാക്ഷസൻ.

ശതബലി : വാനരസേനയിലെ ഒരു പ്രമുഖൻ.

ശതഹ്രദ : വിരാധൻ എന്ന രാക്ഷസന്റെ അമ്മ.

ശതാനന്ദൻ : ജനകമഹാരാജാവിന്റെ പ്രധാന പുരോഹിതൻ.

ശത്രുഘാതി : ശത്രുഘ്നന്റെ മകൻ.

ശത്രുഘ്നൻ : ദശരഥന് സുമിത്രയിൽ ജനിച്ച മകൻ.

ശബരി : മതംഗാശ്രമത്തിൽ താമസിച്ചിരുന്ന ഒരു സന്ന്യാസിനി. ശ്രീരാമദർശനം ലഭിച്ചതോടെ ശബരിക്കു മുക്തി ലഭിച്ചു.

ശരഗുൽമാനം : സീതാന്വേഷണത്തിന് സുഗ്രീവൻ നിയോഗിച്ച വാനരന്മാരിൽ ഒരുവൻ.

ശരഭൻ 1 : വിഭീഷണന്റെ മന്ത്രിമാരിൽ ഒരാൾ.

ശരഭൻ 2 : യമപുത്രനായ ഒരു വാനരൻ.

ശരഭംഗൻ : ദണ്ഡകാരണ്യത്തിൽ തപസ്സനുഷ്ഠിച്ചിരുന്ന ഒരു മുനി.

ശശബിന്ദു : ഇളന്റെ മകൻ.

ശർമ്മിഷ്ഠ : യയാതിയുടെ പത്നി, പൂരുവിന്റെ അമ്മ.

ശാന്ത : അംഗരാജ്യം ഭരിച്ചിരുന്ന ലോമപാദന്റെ മകൾ, ഋശ്യശൃംഗന്റെ ഭാര്യ.

ശാർദ്ദൂലൻ : രാവണന്റെ ചാരന്മാരിൽ ഒരാൾ.

ശാർദ്ദൂലി : ക്രോധവശയിൽ കശ്യപനുണ്ടായ മകൾ.

ശിഗ്രു : ഋഷഭാചലം കാത്തുസൂക്ഷിച്ചിരുന്ന ഒരു ഗന്ധർവൻ.

ശീഘ്രഗൻ : ഇക്ഷ്വാകുവംശത്തിലെ ഒരു രാജാവ്.

ശുകൻ : രാവണന്റെ സഹായിയായിരുന്ന ഒരു രാക്ഷസൻ.

ശുകനാസൻ : ലങ്കയിലെ ഒരു രാക്ഷസൻ.

ശുകി : കശ്യപന് താമ്രയിൽ ഉണ്ടായ മകൾ.

ശുക്രൻ : അസുരന്മാരുടെ ഗുരു.

ശുചിസ്മിത : സുമാലിയുടെ പുത്രി.

ശുനശ്ശേഫൻ : ഋചീകന്റെ മകൻ ഇയാളെ പശുവിനു പകരം യാഗാഗ്നിയിൽ ഹോമിക്കാൻ തയ്യാറാക്കി നിർത്തിയിരുന്ന അംബരീഷനിൽ നിന്നു വിശ്വാമിത്രൻ മുക്തനാക്കി ദീർഘായുസ്സു നല്കി.

ശുഭ്രൻ : ഋഷഭാചലം കാത്തുസൂക്ഷിച്ചരുന്ന ഗന്ധർവന്മാരിൽ ഒരാൾ.

ശൂർപ്പണഖ : രാവണന്റെ സഹോദരി. വിദ്യുജ്ജിഹ്വന്റെ ഭാര്യ.

ശേഷൻ : പ്രജാപതികളിൽ ഒരാൾ.

ശൈലൂഷൻ : ഋഷഭാചല സംരക്ഷകനായ ഒരു ഗന്ധർവൻ. ശൈലൂഷന്റെ മകൾ സരമയാണ് വിഭീഷണന്റെ ഭാര്യ.



ശോണിതാക്ഷൻ : ലങ്കയിലെ ഒരു രാക്ഷസൻ.

ശ്യേനഗാമി : ഖരന്റെ സേനയിലെ ഒരു പ്രധാന രാക്ഷസൻ.

ശ്യേനി : താമ്രയുടെ മകൾ.

ശ്വേത : കശ്യപന്റെ മകൾ.

ശ്വേതൻ 1 : വൈദർഭൻ എന്ന രാജാവിന്റെ മകൻ.

ശ്വേതൻ 2 : ഒരു വാനരൻ.

ശ്രീരാമൻ : വിഷ്ണുവിന്റെ ഏഴാമത്തെ അവതാരം. ദശരഥന്റെ മൂത്ത മകൻ. രാവണവധം അവതാരത്തിന്റെ പ്രധാന ലക്ഷ്യം.

ശ്രുതകീർത്തി : ജനകന്റെ സഹോദരനായ കുശധ്വജന്റെ മകളും ശത്രുഘ്നന്റെ ഭാര്യയും.

സംവർത്തൻ : ഒരു ബ്രഹ്മർഷി

സംഹ്രാദൻ : രാവണന്റെ സേനയിലെ ഒരംഗം.

സംഹ്രാദി : സുമാലിയുടെ മകളായ ഒരു രാക്ഷസി.

സഗരൻ : രഘുവംശത്തിൽ ജനിച്ച ഒരു രാജാവ്. സഗരന്റെ യജ്ഞാശ്വത്തെ ഇന്ദ്രൻ അപഹരിച്ചു. അതിനെ അന്വേഷിച്ചു സഗരന്റെ അറുപതിനായിരം മക്കൾ ഭൂമി കുഴിച്ചു കപില മഹർഷിയുടെ അടുത്തെത്തി. കപിലന്റെ കോപാഗ്നിയിൽ അവരെല്ലാം ഭസ്മമായി.

സത്യവതി : കുശനാഭന്റെ മകൾ.

സന്നാദൻ : രാവണവധാനന്തരം ശ്രീരാമനോടൊപ്പം അയോദ്ധ്യയിലെത്തിയ ഒരു വാനരൻ.

സമുന്നതൻ : പ്രഹസ്തന്റെ മന്ത്രിമാരിൽ ഒരാൾ.

സമ്പാതി 1 : ജടായുവിന്റെ ജ്യേഷ്ഠൻ. സൂര്യന്റെ ഉഗ്രമായ ചൂടിൽനിന്ന് അനുജനെ രക്ഷിക്കാനുള്ള ശ്രമത്തിനിടയിൽ സമ്പാതി ചിറകു കരിഞ്ഞു വിന്ധ്യനിൽ പതിച്ചു. നിശാകരമുനിയുടെ അനുഗ്രഹഫലമായി വീണ്ടും ചിറകു മുളച്ചു. സീതാന്വേഷണത്തിനെത്തിയ വാനരന്മാർക്ക് രാവണന്റെ അശോകവനിയിൽ സീത ഉണ്ടെന്ന വിവരം നല്കിയത് സമ്പാതിയാണ്.

സമ്പാതി 2 : സുഗ്രീവന്റെ സേവകനായ ഒരു വാനരൻ.

സരമ1 : വിഭീഷണന്റെ ഭാര്യ.

സരമ 2 : വിഭീഷണന്റെ മകളുടെ പേര്

സഹദേവൻ : വിശാലരാജ്യം ഭരിച്ചിരുന്ന ഒരു രാജാവ്.

സർപ്പാസ്യൻ : ഖരന്റെ സൈന്യത്തിലെ ഒരു രാക്ഷസൻ.

സാദി : ഒരു രാക്ഷസൻ.

സാരണൻ : ശ്രീരാമന്റെ സൈന്യവിവരങ്ങളന്വേഷിച്ചുവരാൻ രാവണൻ നിയോഗിച്ച രണ്ടു പേരിൽ ഒരാൾ, മറ്റൊരാൾ ശുകൻ.

സാവിത്രൻ : വസുക്കളിൽ ഒരാൾ.

സിംഹിക : അംഗാരകയുടെ മറ്റൊരു പേര്. സമുദ്രതരണം ചെയ്തു കൊണ്ടിരുന്ന ഹനുമാനെ വഴി തടഞ്ഞുപിടിച്ചു ഭക്ഷിക്കാൻ

ശ്രമിച്ച ഒരു രാക്ഷസി. ഹനുമാൻ അവളെ കൊന്നിട്ട് യാത്ര തുടർന്നു.

സിദ്ധാർത്ഥൻ : ദശരഥന്റെ മന്ത്രിമാരിൽ ഒരാൾ.

സീത : ജനകന്റെ വളർത്തുമകളും ശ്രീരാമന്റെ ഭാര്യയും.

സുംഭൻ : ഒരസുരൻ.

സുകേതു 1 : ജനകവംശജനായ ഒരു രാജാവ്.

സുകേതു 2 : താടകയുടെ പിതാവായ ഒരു യക്ഷൻ.

സുകേശൻ : വിദ്യുത്കേശന്റെ മകൻ.

സുഗ്രീവൻ : കിഷ്കിന്ധയിലെ വാനരരാജാവ്. ബാലിയുടെ സഹോദരൻ.

സുചന്ദ്രൻ : ഇക്ഷ്വാകുവംശത്തിലെ ഒരു രാജാവ്.

സുചിരോഷിതൻ : ശ്രീരാമന്റെ ഒരു സേവകൻ.

സുതീക്ഷ്ണൻ : ദണ്ഡകാരണ്യത്തിലെ ഒരു മഹർഷി.

സുദർശനൻ : ഇക്ഷ്വാകുവംശത്തിലെ ഒരു രാജാവ്.

സുധന്വാവ് : സാം കാശ്യം എന്ന രാജ്യത്തെ രാജാവ്.

സുധൃതി : ജനകന്റെ വംശത്തിൽ ജനിച്ച ഒരു രാജാവ്.

സുന്ദൻ : താടകയുടെ ഭർത്താവ്.

സുന്ദരി : മാല്യവാന്റെ ഭാര്യ.

സുപർണ്ണൻ : സഗരന്റെ ഭാര്യാസഹോദരി.

സുപാടലൻ : ഒരു വാനരമുഖ്യൻ.

സുപാർശ്വൻ : സുമാലിയുടെ മകനും രാവണന്റെ മന്ത്രിമാരിൽ ഒരാളുമായ രാക്ഷസൻ.

സുപ്തഘ്നൻ : മാല്യവാന്റെ മകൻ.

സുബാഹു1 : ശത്രുഘ്നന്റെ മകൻ.

സുബാഹു 2 : വിശ്വാമിത്രന്റെ യാഗം മുടക്കാൻ മാരീചിനോടൊപ്പം എത്തിയ രാക്ഷസൻ.

സുമതി1 : ഇക്ഷ്വാകുവംശത്തിലെ ഒരു രാജാവ്.

സുമതി 2 : സഗരന്റെ ഭാര്യ.

സുമാഗധൻ : ശ്രീരാമന്റെ അന്തഃപുരം സംരക്ഷകരിൽ ഒരാൾ.

സുമാലി : സുകേശന്റെ മകൻ.

സുമിത്ര : ദശരഥന്റെ പത്നിമാരിൽ ഒരുവൾ. ലക്ഷ്മണന്റെയും ശത്രുഘ്നന്റെയും അമ്മ.

സുമുഖൻ : രാവണവധാനന്തരം ശ്രീരാമനെ കാണാൻ എത്തിയ ഒരു മുനി.

സുയജ്ഞൻ : ശ്രീരാമന്റെ അഭിഷേകകർമ്മത്തിൽ ഈ പുരോഹിതൻ പങ്കുകൊണ്ടു.

സുരഥൻ : വൈദർഭൻ എന്ന രാജാവിന്റെ പുത്രൻ.

സുരസ : സമുദ്രതരണം നടത്തുന്ന ഹനുമാന്റെ ബുദ്ധിയും ശക്തിയും പരീക്ഷിക്കാൻ ദേവന്മാരുടെ അപേക്ഷപ്രകാരം പോയ നാഗമാതാവ്.



സുരാജൻ : അയോദ്ധ്യയിലെ ഒരു രാജസേവകൻ.

സുഷേണൻ : താരയുടെ പിതാവായ ഒരു വാനരപ്രമുഖൻ.

സുസന്ധി : ഇക്ഷ്വാകുവംശത്തിലെ ഒരു രാജാവ്.

സുഹോത്രൻ : സീതാന്വേഷണത്തിനു പോയ വാനരന്മാരിൽ ഒരാൾ.

സൂര്യശത്രു : ലങ്കയിലെ രാക്ഷസൻ.

സൃഞ്ജയൻ : വിശാല ഭരിച്ചിരുന്ന ഒരു രാജാവ്.

സോമദ : ഒരു ഗന്ധർവി.

സോമദത്തൻ : വിശാലപുരി ഭരിച്ചിരുന്ന ഒരു രാജാവ്.

സ്കന്ദൻ : ശിവപുത്രനായ സുബ്രഹ്മണ്യൻ.

സ്ഥാണു : പ്രജാപതികളിൽ ഒരാൾ.

സ്ഥൂലശിരസ്സ് : ഒരു മുനി. ദനു എന്ന ഗന്ധർവൻ സ്ഥൂലശിരസ്സിന്റെ ശാപം നിമിത്തം ബന്ധനായിത്തീർന്നു.

സ്ഥൂലാക്ഷൻ : ഖരന്റെ സേനാനായകരിൽ ഒരാൾ.

സ്വയംപ്രഭ : മേരുസാവർണ്ണിയുടെ മകൾ. ഹേമ എന്ന അപ്സരസ്സിന്റെ സഖി.

സ്വസ്ത്യാത്രേയൻ : രാവണവധം കഴിഞ്ഞ് ശ്രീരാമനെ കാണാൻ അയോദ്ധ്യയിലെത്തിയ ഒരു മഹർഷി.

സ്വർണ്ണരോമാവ് : ജനകന്റെ അച്ഛൻ.

ഹനുമാൻ : വായുപുത്രനും അഷ്ടൈശ്വര സിദ്ധികളുള്ളവനും, ശ്രീരാമഭക്തനും ചിരഞ്ജീവിയുമായ ഒരു വാനരശ്രേഷ്ഠൻ.

ഹയഗ്രീവൻ : ദനുവിന്റെ മകൻ, വിഷ്ണു ഇയാളെ വധിച്ചു.

ഹരി1 : വിഷ്ണു.

ഹരി 2 : ക്രോധവശയുടെ പുത്രി.

ഹരിജട : അശോകവനിയിൽ സീതയെ കാത്തുസൂക്ഷിച്ചിരുന്ന രാക്ഷസിമാരിൽ ഒരുവൾ.

ഹര്യശ്വൻ : മിഥിലയിലെ ഒരു രാജാവ്.

ഹസ്തിമുഖൻ : ഒരു രാക്ഷസൻ.

ഹിരണ്യാക്ഷൻ : കശ്യപപ്രജാപതിയുടെ മകൻ വിഷ്ണു വരാഹമായി അവതരിച്ചു ഹിരണ്യാക്ഷനെ കൊന്നു.

ഹിരണ്യകശിപു : ഹിരണ്യാക്ഷന്റെ സഹോദരൻ, വിഷ്ണുദ്വേഷി. വിഷ്ണുഭക്തനായ പ്രഹ്ലാദന്റെ പിതാവ്. വിഷ്ണു നരസിംഹമായവതരിച്ചു ഹിരണ്യകശിപുവിനെ കൊന്നു.

ഹേതി : ഒരു രാക്ഷസൻ.

ഹേമ : ഒരപ്സരസ്സ്. ഹേമയിൽ മയനുണ്ടായ മകളാണ് മണ്ഡോദരി.

ഹേമചന്ദ്രൻ : വിശാലരാജ്യം ഭരിച്ചിരുന്ന ഒരു രാജാവ്.

ഹ്രസ്വകർണ്ണൻ : ഒരു രാജാവ്.

തയ്യാറാക്കിയത്: **പ്രൊഫ. വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള**



**ഡോ. എം. ലീലാവതി**

മലയാളത്തിലെ പ്രശസ്തയായ സാഹിത്യവിമർശകയും അദ്ധ്യാപികയും. 1929 സെപ്റ്റംബർ 16ന് തൃശൂരിലെ ഗുരുവായൂർ കോട്ടപ്പടിയിൽ ജനിച്ചു.
പിതാവ്: കഴുങ്കമ്പിള്ളി കുഞ്ഞുണ്ണി നമ്പിടി. മാതാവ്: മുണ്ടനാട് നങ്ങയ്യ മാണ്ടൽ.
എറണാകുളം മഹാരാജാസ് കോളജ്, മദ്രാസ് യൂണിവേഴ്സിറ്റി, കേരള യൂണിവേഴ്സിറ്റി (പിഎച്ച്.ഡി) എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. വിക്ടോറിയ കോളജ് (പാലക്കാട്), മഹാരാജാസ് (എറണാകുളം), ബ്രണ്ണൻകോളജ് (തലശ്ശേരി) എന്നിവിടങ്ങളിൽ അദ്ധ്യാപക ജീവിതം.
സോവിയറ്റ് ലാൻഡ് നെഹ്റു അവാർഡ്, കേരള സാഹിത്യ അക്കാദമി, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ, ഓടക്കുഴൽ അവാർഡ്, പത്മപ്രഭാ പുരസ്കാരം, വള്ളത്തോൾ പുരസ്കാരം, വിലാസിനി അവാർഡ്, വയലാർ അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം, മാതൃഭൂമി പുരസ്കാരം തുടങ്ങിയ ബഹുമതികൾക്കർഹയായി.
മലയാള കവിതാ സാഹിത്യചരിത്രം, വർണ്ണരാജി, കവിതാധ്വനി, ജി.യുടെ കാവ്യ ജീവിതം, കണ്ണീരും മഴവില്ലും, ഭാരതസ്ത്രീ, അപ്പുവിന്റെ അന്വേഷണം, സ്ത്രീ സ്വത്വാവിഷ്കാരം: ആധുനിക മലയാള സാഹിത്യത്തിൽ തുടങ്ങി അമ്പതിൽപ്പരം ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പരേതനായ ഡോ. സി. പി. മേനോനാണ് ഭർത്താവ്.
മക്കൾ: വിനയകുമാർ, ജയകുമാർ.

College of Avian Sciences & Management
1203
LIBRARY
Thiruvazhamkunnu-678 601